നെല്ലിന്റെയും ധാന്യങ്ങളുടെയും താങ്ങുവില കൂട്ടും;ഹിന്ദു വിവാഹനിയമത്തിൽ ഭേദഗതി

പി. ബസന്ത്

ന്യൂഡൽഹി: നെല്ലിന്റെയും ധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും താങ്ങുവില കൂട്ടുന്നത് വ്യാഴാഴ്ച ചേരുന്ന കേന്ദ്ര മന്ത്രിസഭായോഗം പരിഗണിക്കും. ഹിന്ദു വിവാഹനിയമത്തിൽ ഭേദഗതി വരുത്താനുള്ള നിർദേശവും യോഗം ചർച്ച ചെയ്യും. പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ കോപ്പറിന്റെ ഓഹരികം വിൽക്കാനുള്ള നിർദേശവും മന്ത്രിസഭയുടെ മുന്നിലെത്തുന്നുണ്ട്.

നെല്ലിന്റെയും പയറുവർഗങ്ങളുടെയും താങ്ങുവിലയിൽ ക്വിന്റലിന് നൂറു രൂപയാണ് കൂട്ടുന്നത്. 950 രൂപയിൽ നിന്ന് 1050 രൂപയിലേക്കാണ് നെല്ലിന്റെ വിലയുയർത്തുക. പയറുവർഗങ്ങളുടെ താങ്ങുവില 450 രൂപയിൽ നിന്ന് 550 രൂപയാക്കും.

മന്ത്രി സഭായോഗം ഇന്ന്

യോജിക്കാൻ കഴിയാത്തതരത്തിൽ തകർന്ന ദാമ്പത്യം, വിവാഹമോചനം നൽകുന്നതിനുള്ള കാരണമാക്കിക്കൊണ്ടുള്ള ഭേദഗതിയാണ് ഹിന്ദു വിവാഹ നിയമത്തിൽ മന്ത്രിസഭ പരിഗണിക്കുന്നത്. നിലവിലുള്ള ഹിന്ദു വിവാഹ നിയമമനുസരിച്ച് ഇതു വിവാഹമോചനത്തിന് മതിയായ കാരണമല്ല. സുപ്രീം കോടതിയാണ് വിവാഹമോചനത്തിന് ഇതും പരിഗണിച്ചു ഭേദഗതി വേണമെന്ന് അഭിപ്രായപ്പെട്ടത്.

ഹിന്ദുസ്ഥാൻ കോപ്പറിന്റെ 20 ശതമാനം ഓഹരികം വിൽക്കുന്നതിൽ നിന്ന് 4000 കോടി രൂപ ലഭിക്കുമെന്ന് കണക്കാക്കുന്നു.

മന്ത്രിസഭ അംഗീകരിച്ചാൽ സെബിക്ക് മുമ്പാകെ ഉടൻ തന്നെ ഓഹരി വിൽപ്പനയ്ക്കുള്ള അപേക്ഷ നൽകും.

വധശ്രമത്തിൽനിന്ന് രക്ഷപ്പെട്ട എസ്.ഐ.ക്ക് സ്ഥലംമാറ്റം

കാസർകോട്: മണൽകടത്ത് തടയുന്നതിനിടെ ലോറികയറ്റിക്കൊല്ലാനുള്ള ശ്രമത്തിൽ നിന്ന് അത്ഭുതകരമായിരക്ഷപ്പെട്ട എസ്.ഐ.ക്ക് സ്ഥലം മാറ്റം. കാസർകോട് ടൗൺ എസ്.ഐ. ബാബു പെരിങ്ങേത്തിനെയാണ് കോഴിക്കോട് സിറ്റിയിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നത്. വധശ്രമത്തിൽനിന്ന് രക്ഷപ്പെട്ട് ആസ്പത്രിയിൽ കിടക്കുമ്പോഴാണ് സ്ഥലം മാറ്റിയ വിവരം എസ്.ഐ.യെ തേടിയെത്തിയത്.

എന്നാൽ, സ്ഥലംമാറ്റ ഉത്തരവ് അദ്ദേഹം കൈപ്പറ്റിയില്ല.

അതിനിടെ, എസ്.ഐ. അടക്കം ആറു പോലീസുകാരുണ്ടായിരുന്ന ജീപ്പ് ഇടിച്ചുതെറിപ്പിച്ച മണൽ ലോറിക്കാർക്കെതിരെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തിയതിന്റെ പേരിൽ കേസെടുത്തതും വിവാദമാവുകയാണ്. ഉന്നത തലത്തിലുള്ള ഇടപെടലാണ് കേസിൽ വെള്ളംചേർത്തതിന് പിന്നിലെന്നാണ് ആരോപണം. പ്രതികംക്കെതിരെ വധശ്രമത്തിന് കേസെടുക്കാമായിരുന്നിട്ടും വകുപ്പ് ലഘൂകരിച്ചത് ഉന്നത സമ്മർദത്തിന്റെ ഫലമാണെന്നും ആരോപണമുണ്ട്.

കൽപ്പാക്കത്ത് മലയാളി ശാസ്ത്രജ്ഞനെ കാണാനില്ല

രാധാകൃഷ്ണൻ

ചെന്നൈ: കൽപ്പാക്കം ആണവനിലയത്തിൽ ജോലിചെയ്യുന്ന മലയാളിയായ ശാസ്ത്രജ്ഞനെ കാണാനില്ലെന്ന് ഭാര്യയുടെ പരാതി. കൽപ്പാക്കം ആണവനിലയത്തിലെ ഇലക്ട്രിക് വിഭാഗത്തിൽ ശാസ്ത്രജ്ഞനായ വി.വി. രാധാകൃഷ്ണനെ (37) കാണാനില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഭാര്യ ഷീജ കൽപ്പാക്കം പോലീസിൽ പരാതി നൽകിയത്. രാധാകൃഷ്ണൻ കണ്ണൂർ ചെങ്കളായ തവറോം ഗോവിന്ദൻ നമ്പ്യാരുടെ മകനാണ്. ഷീജ നാട്ടിൽ ടീച്ചറാണ്. ജൂൺ അഞ്ചിന് രാത്രി എട്ടരയ്ക്ക് ഷീജ രാധാകൃഷ്ണനുമായി ഫോണിൽ സംസാരിച്ചിരുന്നുവത്രേ. ഭക്ഷണം കഴിക്കാൻ പുറത്തുപോകുകയാണെന്ന് രാധാകൃഷ്ണൻ പറഞ്ഞു. പിന്നീട് വിളിച്ചപ്പോഴാണ് രാധാകൃഷ്ണന്റെ മൊബൈൽ ഫോൺ സ്വിച്ച്ഡ് ഓഫായിരുന്നു. രാധാകൃഷ്ണന്റെ കൂടെ ജോലിചെയ്യുന്ന ബെന്നി ചെന്നുനോക്കിയപ്പോഴാണ് വീട് പൂട്ടിക്കിടക്കുകയായിരുന്നുവെന്നാണ് വിവരം ലഭിച്ചത്. പിന്നീട് ഷീജ നാട്ടിൽനിന്ന് കൽപ്പാക്കത്തെത്തി പോലീസിൽ പരാതി നൽകി.

ടി. ബാലകൃഷ്ണന്റെ പ്രസംഗം: അടിയന്തര തീരുമാനമുണ്ടാകും – മുഖ്യമന്ത്രി

തിരുവനന്തപുരം: വ്യവസായ വകുപ്പ് സെക്രട്ടറി ടി. ബാലകൃഷ്ണന്റെ വിവാദ പ്രസംഗം സംബന്ധിച്ച് അടിയന്തര തീരുമാനമുണ്ടാകുമെന്ന് മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ പറഞ്ഞു. ഇതിനെക്കുറിച്ചന്വേഷിച്ച ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കോളക്കമ്പനി പൂട്ടിപ്പോയതിൽ തനിക്ക് ദുഃഖമുണ്ടെന്ന ബാലകൃഷ്ണന്റെ പ്രസംഗമായിരുന്നു വിവാദമായത്. കോള കമ്പനി വരുത്തിവെച്ച നഷ്ടത്തെക്കുറിച്ചുള്ള അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ റിപ്പോർട്ടിന്മേലും ഉടൻ തീരുമാനമുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

1993 സ്ഫോടനപരമ്പരക്കേസിലെ പ്രതിയെ വിദേശത്തുനിന്ന് പിടികൂടി

മുംബൈ: 1993 സ്ഫോടനപരമ്പരക്കേസിലെ പിടികിട്ടാനുണ്ടായിരുന്ന പ്രതിയെ യു.എ.ഇ.യിൽനിന്ന് പിടികൂടി. മുഹമ്മദ് താഹിർ മെർച്ചന്റ് എന്ന താഹിർതക്ലിയയാണ് സി.ബി.ഐ. കസ്റ്റഡിയിലായത്. ടാഡ കോടതി ഇയാളെ ജൂൺ 14വരെ സി.ബി.ഐ. കസ്റ്റഡിയിൽ റിമാൻഡുചെയ്തിട്ടുണ്ട്. സ്ഫോടനപരമ്പരക്കേസിലെ 17-ാം പ്രതിയാണ് ഇയാം. 1993 ഒക്ടോബറിൽ താഹിറിനെതിരെ ടാഡ കോടതി ജാമ്യമില്ലാ വാറൻറ് പുറപ്പെടുവിച്ചിരുന്നു. സ്ഫോടനപരമ്പരയ്ക്കായി പരിശീലനത്തിന് ദുബായ്വഴി പാകിസ്താനിലേക്ക് പോകാൻ പലർക്കും ഇയാം സഹായം നല്കിയിട്ടുള്ളതായിട്ടാണ് പ്രോസിക്യൂഷന്റെ ആരോപണം.

ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുന്നത് ഒരു മാസത്തേക്ക് തടഞ്ഞു

കൊച്ചി: പുതിയ ഉംനാടൻ ജല ഗതാഗത നിയമം പ്രാബല്യത്തിൽ വന്നശേഷവും പഴയ നിയമമനുസരിച്ച് ബോട്ടിന് ലൈസൻസ് നൽകുന്നത് ഹൈക്കോടതി ഒരു മാസത്തേക്ക് തടഞ്ഞു.

2010ലെ ഉംനാടൻ ജലയാന നിയമം ഏപ്രിൽ 30ന് പ്രാബല്യത്തിൽ വന്നശേഷവും മുൻ നിയമപ്രകാരം ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ആണ് ബോട്ടുകംക്ക് ലൈസൻസ് നൽകുന്നതെന്ന് കാണിച്ച് മുൻ കൊച്ചി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. പ്യാരിലാൽ നൽകിയ ഹർജിയിലാണിത്.

സമ്പത്തിന്റെ കസ്റ്റഡി മരണം: സർക്കാരും അപ്പീൽ നൽകി

കൊച്ചി: പാലക്കാട്ട് സമ്പത്ത് പീഡനം മൂലം കസ്റ്റഡിയിൽ മരിച്ചതിനെക്കുറിച്ചുള്ള അന്വേഷണം സിബിഐക്ക് വിട്ട ഉത്തരവിനെതിരെ സംസ്ഥാന സർക്കാരും ഹൈക്കോടതിയിൽ അപ്പീൽ നൽകി. അന്ന് പാലക്കാട് എസ്.പി. ആയിരുന്ന വിജയ് സാഖറെ കഴിഞ്ഞ ദിവസം അപ്പീൽ നൽകിയിരുന്നു. ഇവ രണ്ടും വ്യാഴാഴ്ച കോടതിയുടെ പരിഗണനയ്ക്കു വരും.

ഷീല വധക്കേസിലെ മുഖ്യ പ്രതിയെന്ന് സംശയിക്കുന്ന സമ്പത്തിന്റെ കസ്റ്റഡിമരണത്തെപ്പറ്റി ക്രൈം ബ്രാഞ്ച് കാര്യക്ഷമമായ അന്വേഷണം നടത്തി 14 പോലീസുദ്യോഗസ്ഥരെ കേസിൽ പ്രതി ചേർത്തിട്ടുണ്ടെന്ന് സർക്കാർ അപ്പീലിൽ പറയുന്നു. ഇതിൽ ഡിവൈഎസ്പിയും സിഐയും വരെ ഉംപ്പെടും. കോയമ്പത്തൂരിൽ സമ്പത്തിനെ കസ്റ്റഡിയിലെടുത്തപ്പോം മലയാളവും ഹിന്ദിയും സംസാരിക്കുന്ന, ഉന്നത പോലീസുദ്യോഗസ്ഥനെന്ന് കരുതുന്ന ആം ഉണ്ടായിരുന്നു എന്ന കനകരാജിന്റെ മൊഴിയുടെ ബലത്തിൽ എസ്. പി. വിജയ് സാഖറെയെ സംശയിക്കുന്നതിന് അർഥമില്ലെന്നാണ് സർക്കാരിന്റെ വാദം.

ആൻഡേഴ്സന്റെ മോചനം: മുൻ കോൺഗ്രസ് സർക്കാരിന്റെ പങ്ക് വിവാദമാകുന്നു

ന്യൂഡൽഹി: ഭോപ്പാൽ വാതക ദുരന്തത്തെത്തുടർന്ന് അറസ്റ്റിലായ യൂണിയൻ കാർബൈഡ് കമ്പനി മുൻ ചെയർമാൻ വാറൻ ആൻഡേഴ്സനെ 24 മണിക്കൂറിനുള്ളിൽ മോചിപ്പിക്കുകയും രാജ്യം വിടുന്നതിന് സഹായിക്കുകയും ചെയ്തതിൽ കോൺഗ്രസ് സർക്കാരിന്റെ പങ്ക് വിവാദമാകുന്നു.

ആൻഡേഴ്സനെ രക്ഷപ്പെടാൻ അനുവദിച്ചതിന് പിന്നിൽ ഉന്നതതല ഗൂഢാലോചന നടന്നുവെന്ന ആരോപണം ശക്തമായിട്ടുണ്ട്.

ആൻഡേഴ്സനെ അമേരിക്കയിൽ നിന്നു വിചാരണയ്ക്കായി കൊണ്ടുവരുന്നതിനുള്ള നടപടി നിർത്തിവെക്കാൻ വിദേശകാര്യ മന്ത്രാലയം സമ്മർദം ചെലുത്തിയെന്ന് സി.ബി.ഐ.ഉദ്യോഗസ്ഥനായ ബി. ആർ. ലാൽ കഴിഞ്ഞദിവസം വെളിപ്പെടുത്തിയിരുന്നു. ഇതിനു പിന്നാലെയാണ് അന്ന് ഭോപ്പാൽ ജില്ലാ കളക്ടറായിരുന്ന മോത്തി സിങ്ങിന്റെ പുതിയ വെളിപ്പെടുത്തലുകം കോൺഗ്രസ്സിനെ വെട്ടിലാക്കുന്നത്. സർക്കാറിന്റെ ഉത്തരവുപ്രകാരമാണ് ആൻഡേഴ്സനെ മോചിപ്പിച്ചതെന്ന് മോത്തിസിങ് വ്യക്തമാക്കി. വാതകച്ചോർച്ചയുണ്ടായതിനെത്തുടർന്ന് കമ്പനി സന്ദർശിക്കാനെത്തിയ ആൻഡേഴ്സനെ 1985 ഡിസംബർ ഏഴിനാണ് മധ്യപ്രദേശ് സർക്കാർ അറസ്റ്റുചെയ്തത്. എന്നാൽ, അന്ന് വൈകിട്ട് തന്നെ അദ്ദേഹത്തെ മോചിപ്പിക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറി തന്നോടും പോലീസ് സൂപ്രണ്ടിനോടും ആവശ്യപ്പെട്ടതായി മോത്തിസിങ് വെളിപ്പെടുത്തി. അന്ന് സംസ്ഥാന മുഖ്യമന്ത്രി അർജുൻസിങ്ങായിരുന്നു. മുഖ്യമന്ത്രിക്ക് ലഭിച്ച ഫോൺ സന്ദേശത്തെത്തുടർന്നാണ് ആൻഡേഴ്സനെ മോചിപ്പിക്കാനുള്ള നീക്കം നടന്നത്. ആരാണ് വിളിച്ചതെന്ന് അറിയാവുന്ന അർജുൻ സിങ്ങാകട്ടെ മൗനത്തിലാണ്.

ഡിസംബർ ഏഴിന് ഉച്ചതിരിഞ്ഞ് രണ്ടിന് സെക്രട്ടേറിയറ്റിലെ മുറിയിൽ വെച്ചാണ് അന്നത്തെ മധ്യപ്രദേശ് ചീഫ് സെക്രട്ടറി, ആൻഡേഴ്സനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്. വിമാനത്താവളത്തിൽ കാത്തുനിൽക്കുന്ന വിമാനത്തിൽ ഉടൻ തന്നെ അയാളെ കയറ്റിവിടണമെന്നും നിർദേശിച്ചു. തുടർന്ന് നിയമപരമായ നടപടി പൂർത്തിയാക്കിയ ശേഷം, ജാമ്യമനുവദിച്ച്, വിമാനത്തിൽ കയറ്റി വിട്ടു. മോചിപ്പിക്കുന്നത് എന്തിനെന്ന് ഉന്നതരാരും വെളിപ്പെടുത്തിയില്ല –മോത്തിസിങ് പറഞ്ഞു. അതിനിടെ ആൻഡേഴ്സനെ വിട്ടുകിട്ടുന്നതിന് വീണ്ടും അമേരിക്കയെ സമീപിക്കുന്നതിനുള്ള നടപടികം തുടങ്ങിയിട്ടുണ്ട്.

സുപ്രീംകോടതി റിവ്യൂ ഹർജിയും തള്ളിയെന്ന് ആരോപണം

ന്യൂഡൽഹി: ഭോപ്പാൽദുരന്തക്കേസിലെ പ്രതികംക്കെതിരെ ചുമത്തിയ മനപ്പൂർവമല്ലാത്ത നരഹത്യയ്ക്കുള്ള വകുപ്പ് റദ്ദാക്കിയത് ചോദ്യംചെയ്ത് സമർപ്പിച്ച റിവ്യൂ ഹർജിയും അന്നത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് തള്ളിയെന്ന് പുതിയ ആരോപണം.

എന്നാൽ, അത്തരമൊരു റിവ്യൂ ഹർജിയെ കുറിച്ചോ അതു തള്ളിയതിനെക്കുറിച്ചോ ഓർക്കുന്നില്ലെന്ന് അന്ന് ചീഫ് ജസ്റ്റിസായിരുന്ന അഹമ്മദി ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

ജാതി സെൻസസ്: പ്രണബിന്റെ നേതൃത്വത്തിൽ മന്ത്രിസഭാ സമിതി

ന്യൂഡൽഹി: സെൻസസിൽ ജാതി ഉംപ്പെടുത്തണമെന്ന നിർദേശം പരിശോധിക്കുന്നതിന് കേന്ദ്ര ധനമന്ത്രി പ്രണബ് മുഖർജിയുടെ നേതൃത്വത്തിൽ മന്ത്രിസഭാ ഉപസമിതിക്ക് രൂപം നൽകി. ഇക്കാര്യം ചർച്ച ചെയ്ത മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരമാണ് ഉപസമിതിക്ക് രൂപം നൽകിയത്.

പ്രണബിന് പുറമേ, കൃഷി മന്ത്രി ശരദ് പവാർ, പ്രതിരോധ മന്ത്രി എ. കെ. ആൻറണി, ആഭ്യന്തര മന്ത്രി പി. ചിദംബരം, റെയിൽ മന്ത്രി മമതാ ബാനർജി, നിയമമന്ത്രി വീരപ്പ മൊയ്ലി, പാരമ്പര്യേതര ഊർജ മന്ത്രി ഫാറൂഖ് അബ്ദുള്ള, ടെക്സ്റ്റയിൽസ് മന്ത്രി ദയാനിധി മാരൻ, മാനവശേഷിമന്ത്രി കപിൽ സിബൽ, സാമൂഹികക്ഷേമ മന്ത്രി മുകുംവാസ്നിക്ക്, ന്യൂനപക്ഷ മന്ത്രി സൽമാൻ ഖുർഷിദ് എന്നിവരാണ് മറ്റ് അംഗങ്ങം.

സ്വാതന്ത്ര്യസമര പെൻഷൻ: അപേക്ഷകരെ നിന്ദിക്കരുതെന്ന് ഹൈക്കോടതി

കൊച്ചി: സ്വാതന്ത്ര്യസമര പെൻഷന് നൽകുന്ന അപേക്ഷ കാരണമൊന്നും പറയാതെ നിരസിച്ച് അവരോട് അനാദരവോടെ പെരുമാറരുതെന്ന് ഹൈക്കോടതി വ്യക്തമാക്കി. പെൻഷനായി ഹാജരാക്കുന്ന രേഖ പോരെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കി നൽകണമെന്നും നിർദേശിച്ചു.

കല്പറ്റ പോണോത്ത് റോഡ് വെള്ളയരക്കണ്ടത്തിൽ വി.ബി. ജോസഫിന്റെ ഹർജി പരിഗണിച്ചാണ് ഇത്. 78-കാരനായ ഹർജിക്കാരന്റെ അപേക്ഷ എറണാകുളം ജില്ലാ കളക്ടർ ഒരു മാസത്തിനകം പുനഃപരിശോധിച്ച് വ്യക്തമായ മറുപടി നൽകണമെന്നാണ് കോടതിയുടെ ഉത്തരവ്.

ഔദ്യോഗിക തെളിവും രേഖകളും ഇല്ലാത്തതിനാൽ സംസ്ഥാന സ്വാതന്ത്ര്യസമര പെൻഷൻ നൽകാനാവില്ലെന്ന് ജില്ലാ കളക്ടർ ഒറ്റവരി മറുപടി നൽകിയതാണ് കോടതിയെ അലോസരപ്പെടുത്തിയത്. സ്വാതന്ത്ര്യസമര സേനാനിയാണ് എന്ന ഹർജിക്കാരന്റെ അവകാശവാദത്തെ ഈ രീതിയിലല്ല പരിഗണിക്കേണ്ടത് എന്നാണ് കോടതിയുടെ വിലയിരുത്തൽ. ഇവർ കൂടുതൽ ആദരം അർഹിക്കുന്നു. ചട്ടമനുസരിച്ച് ഹാജരാക്കേണ്ട രേഖകം ഹർജിക്കാരൻ ഹാജരാക്കിയില്ലെങ്കിൽ അതിന്റെ വിശദവിവരം നൽകണമായിരുന്നുവെന്നും കോടതി വ്യക്തമാക്കി.

INDUS COLLEGE OF ENGINEERING
INDUS COLLEGE OF ENGINEERING
AN ISO CERTIFIED INSTITUTION
Approved by AICTE, New Delhi & Affiliated to Anna University, Cbe.
Indus Valley, Kalimangalam, Alandurai, Coimbatore - 101.
ADMISSION OPEN - 2010-11
B.E. Electronics & Communication Engg (ECE)
B.E. Computer Science & Engg (CSE)
B.E. Electrical & Electronics Engg (EEE)
B.E. Civil Engineering (CE)
B.E. Mechanical Engineering* (Mech)
B.Tech. Information Tech (IT)
*Subject to Approval
Few Lateral Entry Seats also available
MBA Specialization : | System | HRM | Finance | Marketing
Separate hostels for boys and girls with in the campus. Special emphasis on English Fluency
INDUS EDUCATIONAL TRUST
Sieco House, 1062, Bharathiar Road,
P.N. Palayam, Coimbatore - 37.
Tel: 0422-6576623, Telefax: 2240800,
Founder & Chairman :
94431 43876 / 99522 52525
94430 57262 / 99449 52595 /
95009 52505
www.industrust.com

ദക്ഷിണ റെയിൽവെ
പാലക്കാട് ഡിവിഷൻ തീയതി 7.6.2010
19.5.2010 തീയതിയിലെ പിജിടി/ഒടി/5/2010 നമ്പർ ടെൻഡർ നോട്ടീസിന് തിരുത്ത് (ഇനം 1ഉം 9ഉം)
മേൽപ്പറഞ്ഞ 1ഉം 9ഉം ഇനങ്ങംക്കുള്ള തിരുത്ത് ടെൻഡർ പ്രമാണങ്ങം വെബ് സൈറ്റിൽ ലഭ്യമാണ്.
സീനിയർ ഡിവിഷണൽ എൻജിനീയർ/കോ-ഓർഡിനേഷൻ/പാലക്കാട്
(ഭാരത രാഷ്ട്രപതിക്കുവേണ്ടി)
SERVING CUSTOMERS WITH A SMILE

SPOT ADMISSIONS FOR JULY 2010
INDIA'S LEADING ISO 9001:2000 CERTIFIED AVIATION TRAINING ACADEMY
FAA FLYTECH AVIATION ACADEMY
PILOT TRAINING (PPL, CPL, Multi, Simulator)
AIRCRAFT MAINTENANCE ENGG. Mech. Fixed Wing(HA,JE,LA,PE) Mech. Rotary (RA,JE,PE) Avionics (IS,ES,RN)
Approved by DGCA, Govt. of India | Eligibility: 10+2 or Equivalent | EDUCATION LOAN ASSISTANCE
SCHOLARSHIPS FOR AIRCRAFT MAINTENANCE ENGG. SEPARATE HOSTEL FOR BOYS & GIRLS
AIR HOSTESS FLIGHT PURSER TRAINING
AERONAUTICAL ENGINEERING A.M.Ae.S.I. B.E/B.Tech.
ESTD 1995
* Only Academy in India with Multi & Single Engine Simulator, for Pilot Training
* Flight Instructor Training
* First AME training academy with all branches approved by DGCA
* Jet Engines , Heavy Aircraft and Helicopters for AME Course
Only Academy to own 11 Aircrafts & 3 Helicopters for Training
Meet Mr. Arun & Mr Azhar from F.A.A.
on 10 June 2010, from 11 am to 6 pm, at HOTEL THE RESIDENCY TOWERS, Statue Press Road, Trivandrum. Mobile : 09391367931, Ph : (0471) - 2331661
on 12 June 2010, from 10 am to 6 pm, at HOTEL CASINO, T.B.Road, Thirissur. Mobile : 09391367931, Ph : (0487) - 2424699
FOR FURTHER INFORMATION AND APPOINTMENT PLEASE CONTACT
Corporate Office : Nagam Towers, 3rd & 4th Floors, NTR Circle, Minister Road, Secunderabad - 500 003.
Tel: 040-66200000 & 66496900, Fax : 040-30604493. www.flytechaviation.aero Email : info@flytechaviation.aero
FOR APPLICATION FORM AND PROSPECTUS RS. 500/- BY CASH / DD IN FAVOUR OF FLYTECH AVIATION ACADEMY, PAYBLE AT HYDERABAD.

KARPAGAM INSTITUTIONS

KARPAGAM COLLEGE OF ENGINEERING
Rediscover | Refine | Redefine
Autonomous
Accredited by NBA, Approved by AICTE &
Affiliated to Anna University, Coimbatore

Under Graduate: B.E. Automobile Engg. | B.E. Civil Engg. | B.E. Computer Science & Engg.+ | B.E. Mechanical Engg.+ | B.E. Electrical & Electronics Engg.+ | B.E. Electronics & Communication Engg.+ | B.E.Electronics & Instrumentation Engg. | B.Tech. Information Technology+ | B.Sc.Computer Technology | B.Sc.Information Technology
Post Graduate: M.E.VLSI Design | M.E.Mechatronics | MCA | MBA

Karpagam College of Pharmacy
Approved by AICTE &
Affiliated to Tamil Nadu Dr.MGR Medical University, Chennai
B.Pharm

Karpagam College of Nursing
Approved by INC &
Affiliated to Tamil Nadu Dr.MGR Medical University, Chennai
B.Sc.Nursing

KARPAGAM INSTITUTE OF TECHNOLOGY
Inspiring Innovation
Approved by AICTE &
Affiliated to Anna University, Coimbatore

Under Graduate: B.E. Aeronautical Engg. | B.E. Computer Science & Engg. | B.E. Electrical & Electronics Engg. | B.E. Electronics & Communication Engg. | B.E. Mechanical Engg. | B.Tech.Information Technology
Post Graduate: MBA | MCA

Karpagam Polytechnic College
Accredited by NBA, Approved by AICTE &
Affiliated to State Board of Technical Education & Training
Diploma in Automobile Engg.
Diploma in Civil Engg.
Diploma in Computer Engg.+
Diploma in Electrical & Electronics Engg.+
Diploma in Electronics & Communication Engg.+
Diploma in Mechanical Engg.+
Diploma in Mechanical Engg. (Tool & Die)++
+NBA Accredited ++Subject to approval

* 1000 plus placements over the last 3 years
* Finest Faculty
* Modern Teaching Methods
* Contemporary Infrastructure
* Excellent training and placement opportunites

B.E & B.Tech lateral entry seats are available

For Further details contact:
Admissions Officer
Karpagam Institutions, Eachanari,
Pollachi Main Road, Coimbatore - 21.
Ph: 0422 -6471113, 6471114, 6471115, 2611082, 2611146, 6453777, 2611479,2611113. Fax: 0422 - 2611043. Mobile: 98428 12862, 91503 63284. www.karpagameducation.com, Info@karpagameducation.com

Spot Admission : June 10th, 11th & 12th at:
Information Center:
3rd floor, Begum Complex, U.K.Sankunni Road,
(Near Vetinari Hospital) CALICUT-1 Ph : 0495-2360901
MOB : 94474 14436, 98467 20202, 94471 56983
www.karpagameducation.com

ഒത്തുനോക്കാൻ മറ്റൊന്നുമില്ല. (എന്നാലും നോക്കാം ഒരു കൈ.)

	MANZA QUADRAJET AURA (BS 4)	SWIFT DZIRE VDi (BS 4)
എൻജിൻ		
പവർ	90 PS	75 PS
ടോർക്ക്	200 Nm	190 Nm
കംഫർട്ട്		
2 DIN മ്യൂസിക്ക് സിസ്റ്റം റിമോട്ട് കൺട്രോൾ സഹിതം	✓	X
Blue 5 ടെക്ക്നോളജി (ബ്ലൂടൂത്ത്)	✓	X
ഡ്രൈവർ ഇൻഫോർമേഷൻ സിസ്റ്റം (DIS)	✓	X
സ്റ്റിയറിംഗ് മൗണ്ടഡ് ഓഡിയോ കൺട്രോൾസ്	✓	X
ടിൽറ്റ് അഡ്ജസ്റ്റബിൾ പവർ സ്റ്റിയറിംഗ്	✓	X
സ്പേസ്		
വീതി (മി.മീ.)	1703	1690
ഉയരം (മി.മീ.)	1550	1530
വീൽബേസ് (മി.മീ.)	2520	2390
ടയർ സൈസ്	15 inches	14 inches
വിലകൾ(എക്സ്-ഷോറൂം) തിരുവനന്തപുരം	6.17 lakh	6.18 lakh

SMS MANZA to 5616161. Visit us at: www.indigomanza.com or wap.indigomanza.com from your mobile. For details call: 1800-209-7979.

Test-drive and place orders at ALLEPEY: R.F. Motors Ph: 9846912345/9846923456. ANGAMALI: R.F. Motors Ph: 9846923456. CALICUT: Marina Motors Ph: 9544858585. CHALAKUDY: Hyson Motors Ph: 2705677/9249514400. GURUYOOR: Hyson Motors Ph: 9249558888. IDUKI: R.F. Motors Ph: 9846912345/9846923456. KANNUR: KVR Dream Vehicles Pvt. Ltd. Ph: 2835444/9746476001. KOCHI: Concorde Motors Pvt. Ltd. Ph: 6602000/9495840000, R.F. Motors Ph: 9846912345/9846923456. KODUNGALLUR: Hyson Motors Ph: 9249479019. KOLLAM: Kulathunkal Motors Ph: 3257173/9847800010. KOTTAYAM: St Anthony's Motors India Ltd. Ph: 2576111/9446000314. MALAPPURAM: Skyhigh Motors Ph: 9745205050/4040. PALAKKAD: Vijay Motors Ph: 6455555/9287499999. PERUMBAVOOR: Concorde Motors Ph: 9745333373. THODUPUZHA: R.F. Motors Ph: 9846904444. THRISSUR: Hyson Motors Ph: 6457777/9249579079. TRIVANDRUM: Kulathunkal Motors Ph: 6627200/9847800004, Mohandas Motors Ph: 2374999/9544088000.

Data for comparison taken from the leaflet available in the market with the respective dealers. Accessories shown may not be part of standard equipment.